## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3274 | 20.06.2014 ൽ മറുപടിയ്ക്ക് |
| **അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. പി. തിലോത്തമൻ** | **ഡോ. എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** |
| (എ) അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിന് പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) സ്വന്തമായി സ്ഥലമുള്ള അംഗൻവാടികൾക്ക് കെട്ടിടം പണിയുന്നതിന് വിവിധ പദ്ധതികൾ നിലവിലുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.<br>1. സ്റ്റേറ്റ് പ്ലാൻ ഫണ്ട്<br>സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി എല്ലാ വർഷവും അംഗൻവാടി നിർമ്മാണത്തിന് ഫണ്ട് അനുവദിക്കാറുണ്ട്.<br>2. നബാർഡ്- ആർഐഡിഎഫ് പദ്ധതി<br>നബാർഡ് – ആർ.ഐ.ഡി.എഫ് സ്കീം പ്രകാരം അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക, കാലപ്പഴക്കം കൊണ്ട് പൊളിഞ്ഞുവീഴാറായവ പുനർനിർമ്മിക്കുക എന്നിങ്ങനെയുള്ള 506 അംഗൻവാടികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ആണ് ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. 19.2.2014 ലെ സ.ഉ(സാധാ) നം. 130/2014/സാനീവ പ്രകാരം 506 അംഗൻവാടികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്<br>3. മാതൃകാ അംഗൻവാടി പദ്ധതി<br>ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ 140 നിയോജക മണ്ഡലങ്ങളിലും സ്വന്തമായി 10 സെന്റ് സ്ഥലവും എം.എൽ.എ യുടെ ഫണ്ടും ലഭ്യമാക്കുന്ന മുറയ്ക്ക് നിലവിലുള്ള അംഗൻവാടിയെ മാതൃകാ അംഗൻവാടിയായി ഉയർത്തുന്നതിനുള്ള പദ്ധതിയാണിത്. |

| | |
|---|---|
| | 4. കേന്ദ്ര സർക്കാരിന്റെ APIP പ്രകാരമുളള കെട്ടിടം നിർമ്മാണം<br><br>ബലക്ഷയം വന്ന കെട്ടിടങ്ങൾ റിപ്പയർ ചെയ്യുന്നതിന് കേന്ദ്ര സർക്കാർ 2014-15 സാമ്പത്തിക വർഷത്തിൽ APIP പ്രകാരം ഒരു ലക്ഷം വീതം ചെലവഴിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. ആയതിലേയ്ക്കുളള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻ വാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ടു കൾ നൽകിയിട്ടും സ്വന്തമായി സ്ഥലമില്ല എന്ന കാരണത്താലും 5 സെന്റ് സ്ഥലമില്ല എന്ന കാരണ ത്താലും കെട്ടിടങ്ങൾ പണിയാനാവുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട്. അംഗൻവാടി കെട്ടിടം നിർമ്മിക്കുന്ന തിന് വകുപ്പിന്റെ പേരിലോ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേരിലോ ഭൂമി ആവശ്യമാണ്. എം.എൽ.എ ഫണ്ടും പ്ലാൻ ഫണ്ടും ഉപയോഗിച്ച് ഒരു നിയോജക മണ്ഡലത്തിൽ ഒരു മാതൃകാ അംഗൻവാടി നിർമ്മിക്കുന്ന പദ്ധതിയിൽ കുറഞ്ഞത് 10 സെന്റ് സ്ഥലമെങ്കിലും ആവശ്യമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മറ്റ് പദ്ധതികൾ പ്രകാരം അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിന് 5 സെന്റ് സ്ഥലം വേണമെന്ന് നിഷ്കർഷിച്ചിട്ടില്ല. |
| (സി) അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിനും കെട്ടിടം പണിയുന്നതിനും ആവശ്യമായ ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് നിലവിൽ പദ്ധതികളൊന്നും ഇല്ല. എന്നാൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അംഗൻവാടി കെട്ടിട നിർമ്മാണത്തിന് സ്ഥലം വാങ്ങുന്നതിന് അനുമതി ഉണ്ട്. സ്വന്തമായി സ്ഥലം ലഭ്യമാക്കിയാൽ അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**